(സി) മന്ത്രിക്കെതിരായ മൊഴികളും തെളിവുകളും ശേഖരിക്കാൻ കൂട്ടാക്കുന്നില്ലെന്ന ആക്ഷേപം ഉണ്ടായത് ഇപ്പോഴത്തെ അന്വേഷണ ഉദ്യോഗസ്ഥർ പരിഗണിച്ചിട്ടുണ്ടോ; അന്വേഷണം പൂർത്തീകരിക്കുന്നതിനും എഫ്. ഐ. ആർ രജിസ്റ്റർ ചെയ്യുന്നതിനും തടസ്സങ്ങൾ നിലനില്ക്കുന്നുണ്ടോ; ആരോപിക്കപ്പെട്ടവർ മന്ത്രിസ്ഥാനത്ത് തുടരുന്നത് അന്വേഷണത്തെയും സ്വതന്ത്രമായി മൊഴി നൽകുന്നതിനെയും സ്വാധീനിക്കുമെന്ന ആക്ഷേപം പരിഗണിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവിൽ പറഞ്ഞിട്ടുള്ള കാലാവധിക്കുമുമ്പ് അന്വേഷണം പൂർത്തിയാക്കി കോടതികളിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(ബി) അന്വേഷണം പൂർത്തിയാക്കി ബഹുമാനപ്പെട്ട കോടതികളിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ശ്രീ. ബിജു രമേശ് നൽകിയ ക്രിമിനൽ നടപടിക്രമം 164 വകുപ്പ് പ്രകാരമുള്ള മൊഴികളുടെ അടിസ്ഥാനത്തിൽ എറണാകുളം വിജിലൻസ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ശ്രീ. എം. എൻ. രമേശും, ശ്രീ. ജോർജ് വട്ടുകുളം എന്നയാൾ ശ്രീ. ബിജു രമേശ് ഏഷ്യാനെറ്റ് പോയിന്റ് ബ്ലാങ്ക് പരിപാടിയുടെ ഭാഗമായിട്ടുള്ള ഇന്റർവ്യൂവിൽ നടത്തിയ വെളിപ്പെടുത്തൽ അടങ്ങിയ സി.ഡി.യിലെ ആരോപണങ്ങൾ എറണാകുളം വിജിലൻസ് റേഞ്ച് പോലീസ് സൂപ്രണ്ട് ആർ. നിശാന്തിനിയും അന്വേഷിച്ചിട്ടുണ്ട്. രണ്ട് അന്വേഷണങ്ങളിലും ആരോപണവുമായി ബന്ധപ്പെട്ടവരുടെയെല്ലാം മൊഴികൾ ശേഖരിച്ചിട്ടുണ്ട്.

(സി) ആരോപണത്തിനടിസ്ഥാനമായ എല്ലാ തെളിവുകളും ശേഖരിക്കുകയും പരിശോധിക്കുകയും ചെയ്തിട്ടുണ്ട്. അന്വേഷണ ഉദ്യോഗസ്ഥർക്കെതിരെ അത്തരത്തിൽ ആരോപണം ആരും ഉന്നയിച്ചിട്ടില്ല. അന്വേഷണത്തിൽ ആരോപണങ്ങൾ കളവും യാതൊരു അടിത്തറയും ഇല്ലാത്തതുകൊണ്ട് എഫ്. ഐ. ആർ. രജിസ്റ്റർ ചെയ്ത് അന്വേഷിക്കേണ്ടെന്ന നിഗമനത്തിൽ എത്തിച്ചേർന്നു. സുതാര്യവും നീതിപൂർവ്വകവുമായ അന്വേഷണമാണ് നടത്തിയിട്ടുള്ളത്.

കാസർഗോഡ് ജില്ലയിലെ കൊലപാതക-മോഷണ കേസുകൾ

203 (1947) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർകോട് ജില്ലയിൽ എത്ര കൊലപാതക-മോഷണക്കേസ്സുകൾ ഉണ്ടായിട്ടുണ്ട്; പോലീസ് സ്റ്റേഷനുകൾ തിരിച്ചുള്ള കണക്ക് നൽകാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ കേസ്സുകളിൽ എത്ര പ്രതികളെ പിടികൂടിയിട്ടുണ്ട് ; പ്രതികളിൽ ആരെയെങ്കിലും അറസ്റ്റ് ചെയ്യാൻ ബാക്കിയുണ്ടോ എന്നറിയിക്കുമോ;

(സി) 2006-11 വർഷങ്ങളിൽ കാസർകോട് ജില്ലയിൽ ഉണ്ടായ കൊലപാതക-മോഷണക്കേസ്സുകൾ എത്രയാണെന്ന് വ്യക്തമാക്കാമോ;

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിൽ മൂന്ന് കൊലപാതക-മോഷണ (Murder for Gain) കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

ചന്ദേര പോലീസ് സ്റ്റേഷൻ	-	1
മഞ്ചേശ്വർ പോലീസ് സ്റ്റേഷൻ	-	1
ഹോസ്ദുർഗ് പോലീസ് സ്റ്റേഷൻ	-	1

(ബി) ആകെ പത്ത് പ്രതികൾ ഉൾപ്പെട്ടിട്ടുണ്ട്. എല്ലാവരെയും അറസ്റ്റ് ചെയ്തിട്ടുണ്ട്.

(സി) 2006-2011 വർഷങ്ങളിൽ രണ്ട് കൊലപാതക-മോഷണ (Murder for Gain) കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ

204 (1948) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ സംസ്ഥാനത്ത് വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇപ്രകാരം എത്ര കേസ്സുകൾ (ജില്ല അടിസ്ഥാനത്തിൽ) രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പട്ടികജാതി വിഭാഗത്തിനെതിരെ ഉള്ള അതിക്രമങ്ങൾ തടയുന്നതിനും കുറ്റവാളികൾക്കെതിരെ സമയബന്ധിതമായി ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിനും തയ്യാറാകുമോ;

(ഡി) പ്രസ്തുത വിഭാഗങ്ങൾക്കെതിരെ അതിക്രമങ്ങൾ ഉണ്ടാകുമ്പോൾ 1989-ലെ അതിക്രമങ്ങൾ തടയൽ ആക്ട് പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്യാൻ പോലീസ് തയ്യാറാകാത്ത സ്ഥിതിവിശേഷം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly